## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - തുടർവിദ്യാഭ്യാസ പദ്ധതി - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും പ്രേരക്മാരുടെ ഓണറേറിയം കുടിശ്ശികയും ഉത്സവബത്തയും സ്പെഷ്യൽ അലവൻസും നൽകുന്നതിനു അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (എഫ്. എം.) വകുപ്പ്

സ.ഉ. (സാധാ)നം 2218/2007/തസ്വഭവ തീയതി, തിരുവനന്തപുരം, 14-8-2007

---

പരാമർശം :
1. 9-9-2005 ലെ സ.ഉ.(സാധാ) നം 3876/2005/തസ്വഭവ
2. 8-8-2006 ലെ സ.ഉ.(സാധാ) 1886/2006/തസ്വഭവഭ
3. 15-2-2007 ലെ സ.ഉ. (സാധാ) നം 445/2007/തസ്വഭവ
4. 7-8-2007 ലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ-സാംസ്കാരിക വകുപ്പു മന്ത്രിയുടെ കുറിപ്പ്
5. 8-8-2007 ലെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ-സാംസ്കാരിക വകുപ്പു മന്ത്രിയുടെ കുറിപ്പ്

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവുപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ തുടർവിദ്യാകേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന പ്രേരക്മാരുടെ 2004 ഡിസംബർ മാസം മുതൽ 2005 സെപ്തംബർ മാസം വരെയുള്ള ഓണേറേറിയവും 2005 ലെ ഉത്സവബത്തയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് ഉത്തരവായിരുന്നു. പരാമർശം (2) ലെയും (3) ലെയും ഉത്തരവനുസരിച്ച് യഥാക്രമം 2005 ഒക്ടോബർ മാസം മുതൽ 2006 സെപ്തംബർ മാസം വരെയും 2006 ഒക്ടോബർ മാസം 2007 സെപ്തംബർ മാസം വരെയും ടി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകിയിരിക്കുന്നു. ഇപ്പോൾ പരാമർശം (4), (5) എന്നീ കുറിപ്പുകൾ പ്രകാരം യഥാക്രമം പ്രേരക്മാർക്ക് ഉത്സവബത്തയും സ്പെഷ്യൽ അലവൻസും, 2007 സെപ്തംബറിനുശേഷം ഓണറേറിയവും നൽകുന്നതിന് ഒരു ഉത്തരവ് കൂടി ഉണ്ടാകണമെന്നും കേരള സംസ്ഥാന സാക്ഷരതാമിഷന് ദേശീയ സാക്ഷരതാമിഷനിൽ നിന്നോ സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ നിന്നോ ധനസഹായം ലഭിക്കുന്ന മുറയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന തുക മടക്കി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

സർക്കാർ പരാമർശം 4, 5 - ലെ വിഷയങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ തുടർവിദ്യാകേന്ദ്രങ്ങളിൽ പ്രവർത്തിച്ചുവരുന്ന പ്രേരക്മാരുടെ ഓണറേറിയം 2007 ഒക്ടോബർ മാസം മുതൽ 2006 സെപ്തംബർ മാസം വരെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**കേരള സർക്കാർ**

**സംഗ്രഹം**

പൊ.വി. സംസ്ഥാനത്തെ ഏറ്റവും മികച്ച ജില്ലാ സാക്ഷരതാമിഷനും തുടർവിദ്യാഭ്യാസ കേന്ദ്രത്തിനും അതിലെ പ്രേരക്മാർക്കും പുരസ്കാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1754/2008/പൊ.വി. തീയതി, തിരുവനന്തപുരം 08-04-2008

---

പരാമർശം : 1. 21-11-2007 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5293/07/ പൊ.വി.

2. സാക്ഷരതാമിഷൻ ഡയറക്ടറുടെ കത്ത് നമ്പർ സി.പി./1418/ 2007/കെ.എസ്.എല.എം.എ. തിയതി 04-03-2008

## ഉത്തരവ്

സംസ്ഥാനത്തെ ഏറ്റവും മികച്ച ജില്ലാ സാക്ഷരതാമിഷനും തുടർവിദ്യാഭ്യാസ കേന്ദ്രത്തിനും അതിലെ പ്രേരക്മാർക്കും പുരസ്കാരം ഏർപ്പെടുത്തുന്നതിന് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പരാമർശം 2 പ്രകാരം പുരസ്കാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച ശുപാർശകൾ സാക്ഷരതാമിഷൻ ഡയറക്ടർ സമർപ്പിച്ചു. ഇക്കാര്യം സർക്കാർ പരിശോധിക്കുകയും മികച്ച സാക്ഷരതാമിഷനും തുടർവിദ്യാഭ്യാസ കേന്ദ്രത്തിനും അതിലെ പ്രേരക്മാർക്കും പുരസ്കാരം നൽകുന്നതിനുള്ള മാനദണ്ഡണങ്ങൾ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

### മാനദണ്ഡങ്ങൾ

**എ) തുടർവിദ്യാഭ്യാസകേന്ദ്രം**

1. തുടർവിദ്യാഭ്യാസകേന്ദ്രം 5 വർഷത്തിൽ കുറയാത്ത കാലം തുടർച്ചയായി പ്രവർത്തിക്കുന്നതായിരിക്കണം.
2. ഭൗതിക സൗകര്യങ്ങൾ (സൗകര്യപ്രദമായ കെട്ടിടം, ഫർണിച്ചർ, പഠനസാമഗ്രികൾ) എന്നിവ ഉണ്ടായിരിക്കണം.
3. സാക്ഷരതാ - തുല്യതാ പരിപാടികൾ തുടർച്ചയായും മാതൃകാപരമായും നടത്തുന്ന കേന്ദ്രമായിരിക്കണം.
4. തൊഴിൽ പരിശീലനങ്ങൾ തുടർച്ചയായും മാതൃകാപരമായും നടത്തുന്ന കേന്ദ്രമായിരിക്കണം.
5. വായനശാല, ഗ്രന്ഥശാല, എന്നിവ കേന്ദ്രത്തിൽ പ്രവർത്തിച്ചിരിക്കണം.
6. ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, ചർച്ചകൾ എന്നിവ മാസത്തിൽ ഒന്നെങ്കിലും നടത്തിയിരിക്കണം. (രേഖ ഉണ്ടായിരിക്കണം)
7. വാർഡ് സമിതികൾ കൃത്യമായി കൂടുന്നതും വി.ഇ.സി. കളിൽ പ്രവർത്തനം വിലയിരുത്തുന്നതുമായ കേന്ദ്രം.
8. തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ദൃഢബന്ധമുള്ളതും പദ്ധതി വിഹിതം ലഭിക്കുന്നതുമായ കേന്ദ്രമായിരിക്കണം.

9. വിവിധ ഏജൻസികളുമായി ഏകോപിച്ചു പ്രവർത്തിക്കുന്ന കേന്ദ്രമായിരിക്കണം.
10. രജിസ്റ്ററുകൾ, രേഖകൾ, ഡോക്യുമെന്റേഷൻ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിരിക്കണം.
11. സമൂഹവുമായി നിരന്തരപ്രതിപ്രവർത്തനമുള്ള കേന്ദ്രമായിരിക്കണം.

**ബി) ജില്ലാ സാക്ഷരതാമിഷൻ**

1. ചുരുങ്ങിയത് 85% വിദ്യാകേന്ദ്രങ്ങളെങ്കിലും സജീവമായി പ്രവർത്തിക്കുന്ന ജില്ലയായിരിക്കണം.
2. അവശേഷിക്കുന്ന നിരക്ഷരരെ സാക്ഷരരാക്കുന്നതിന് മാതൃകാ പദ്ധതി നടപ്പിലാക്കിയ ജില്ല.
3. ജില്ലയിലെ (തുല്യത, നാല്, ഏഴ്, പത്ത്) പഠിതാക്കളുടെ എണ്ണം പരിഗണിക്കണം.
4. ജില്ലാ സാക്ഷരതാമസമിതികൾ വർഷത്തിൽ ചുരുങ്ങിയത് നാല് പ്രാവശ്യമെങ്കിലും ചേർന്ന് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്ന ജില്ലയായിരിക്കണം.
5. വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് തുടർവിദ്യാഭ്യാസ പരിപാടികൾ നടത്തുന്നതിൽ മാതൃക സൃഷ്ടിച്ചിരിക്കണം.
6. എല്ലാമാസവും അവലോകനയോഗങ്ങൾ കൃത്യമായി നടത്തിയിരിക്കണം.
7. വർഷത്തിൽ 10 പൊതുപരിപാടികൾ എങ്കിലും നടത്തിയിരിക്കണം.
8. തൊഴിൽ പരിശീലനങ്ങളും തൊഴിൽയൂണിറ്റുകളുമുള്ള ജില്ല.
9. നൂതന പരിപാടികൾ സംഘടിപ്പിച്ച ജില്ല
10. സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസ പരിപാടി നടപ്പിലാക്കുന്നതിലെ സംഭാവന.
11. ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്നും തുടർവിദ്യാഭ്യാസ പ്രവർത്തനത്തിന് പദ്ധതി വിഹിതം ലഭിച്ച ജില്ല.

ഓരോ മാനദണ്ഡത്തിനും വ്യക്തമായ സൂചകങ്ങൾ വികസിപ്പിച്ച് ഗ്രേഡിംഗിന് വിധേയമാക്കുന്നതിന് ഒരു കമ്മറ്റിയെ നിയോഗിക്കാൻ വേണ്ട നടപടികൾ സാക്ഷരതാമിഷൻ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിൻ പ്രകാരം**
**എം. മുഹമ്മദ് ബഷീർ**
**ഡെപ്യൂട്ടി സെക്രട്ടറി**

ഡയറക്ടർ, സാക്ഷരതാമിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരള തിരുവനന്തപുരം
കരുതൽ ശേഖരം / ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തുടർവിദ്യാഭ്യാസ പദ്ധതി - പ്രേരകരുടെയും അസി. പ്രേരകരുടെയും ഓണറേറിയം, സ്പെഷ്യൽ അലവൻസ് തുടങ്ങിയവ വർദ്ധിപ്പിച്ച നിരക്കിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്. എം.) വകുപ്പ്**

സ.ഉ. (സാധാ)നം 3272/08/തസ്വഭവ തിരുവനന്തപുരം, തീയതി: 02-09-08

---

പരാമർശം : 1. 14-08-2007 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 2218/07/ത.സ്വ.ഭ.വ., 14-09-2007 ലെ സർക്കാർ ഉത്തരവ് നമ്പർ (സാധാ) നമ്പർ 2490/07/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകൾ

2. സർക്കാർ ഉത്തരവ് (സാധാ) നം. 3944/08/പൊ.വി.വ. തീയതി 29/08/2008

## ഉത്തരവ്

പരാമർശം ഒന്നിലെ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന സാക്ഷരതാമിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന തുടർ-വികസന വിദ്യാകേന്ദ്രങ്ങളിലെ പ്രേരകർക്കും അസിസ്റ്റന്റ് പ്രേരകർക്കും ഓണറേറിയം, ഉത്സവബത്ത, സ്പെഷ്യൽ അലവൻസ് എന്നിവ ദേശീയ സാക്ഷരതാമിഷനിൽ നിന്നും ഗ്രാന്റ്-ഇൻ-എയ്ഡ്/സംസ്ഥാന ബഡ്ജറ്റ് തുക ലഭിക്കുന്ന മുറക്ക് തിരികെ നൽകണമെന്ന നിബന്ധനയിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പൊതു ആവശ്യഫണ്ടിൽ നിന്നും 2008 സെപ്തംബർ വരെ നൽകുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം പ്രേരകരുടെയും അസിസ്റ്റന്റ് പ്രേരകരുടെയും ഓണറേറിയം, സ്പെഷ്യൽ അലവൻസ് എന്നിവയിൽ 2008 ആഗസ്റ്റ് മുതൽ 200/- രൂപ വീതം വർദ്ധനവ് നൽകി ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ തുടർവികസന വിദ്യാകേന്ദ്രങ്ങളിലെ പ്രേരകർക്കും അസിസ്റ്റന്റ് പ്രേരകർക്കും ഓണറേറിയം, യാത്രപ്പടി എന്നിവ താഴെ പട്ടിക 1-ൽ പറയുന്ന നിരക്കിൽ 2008 ആഗസ്റ്റ് മുതൽ ഒരു വർഷത്തേക്കും, ഉത്സവബത്ത, സ്പെഷ്യൽ അലവൻസ് എന്നിവ പട്ടിക രണ്ടിൽ പറയുന്ന നിരക്കിൽ 2008 സെപ്തംബർ മാസത്തിലും ദേശീയ സാക്ഷരതാമിഷനിൽ നിന്ന് ഗ്രാന്റ്-ഇൻ-എയ്ഡ്/സംസ്ഥാന ബഡ്ജറ്റ് വിഹിതം ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന സാക്ഷരതാമിഷൻ തിരികെ നൽകണമെന്ന് വ്യവസ്ഥയിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പൊതു ആവശ്യഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പട്ടിക 1**

| വിഭാഗം | ഓണറേറിയം (രൂപയിൽ) | യാത്രപ്പടി (രൂപയിൽ) |
|---|---|---|
| തുടർവിദ്യാകേന്ദ്രം പ്രേരക് | 900 | 100 |
| തുടർവിദ്യാകേന്ദ്രം അസി. പ്രേരക് | 700 | 100 |
| വികസനവിദ്യാകേന്ദ്രം പ്രേരക് | 1400 | ഇല്ല |
| വികസനവിദ്യാകേന്ദ്രം അസി. പ്രേരക് | 900 | 100 |

പട്ടിക 2

| വിഭാഗം | ഉത്സവ ബത്ത (രൂപയിൽ) | സ്പെഷ്യൽ അലവൻസ് (രൂപയിൽ) |
|---|---|---|
| തുടർവിദ്യാകേന്ദ്രം പ്രേരക് | 300 | 600 |
| തുടർവിദ്യാകേന്ദ്രം അസി. പ്രേരക് | 300 | 400 |
| വികസനവിദ്യാകേന്ദ്രം പ്രേരക് | 300 | 1100 |
| വികസനവിദ്യാകേന്ദ്രം അസി. പ്രേരക് | 300 | 600 |

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ടി.കെ.ജോസ്,
ഗവൺമെന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ ഓഫ് അർബൻ അഫയേഴ്സ് (ഉത്തരവിന്റെ പകർപ്പ് എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും നൽകേണ്ടതാണ്.)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും നൽകേണ്ടതാണ്.)
എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി സെക്രട്ടറിമാർക്കും (ഉത്തരവിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചാത്ത് സെക്രട്ടറിമാർക്കും നൽകേണ്ടതാണ്)
ഡയറക്ടർ, കേരള സംസ്ഥാന സാക്ഷരതാമിഷൻ, തൈക്കാട്, തിരുവനന്തപുരം
ലോക്കൽഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
റീജിയണൽ പെർഫോർമൻസ് ആഡിറ്റ് ഓഫീസർ, കൊച്ചി റീജിയൺ,
മിനി സിവിൽസ്റ്റേഷൻ, തൃപ്പൂണിത്തുറ, കൊച്ചി
കൊല്ലം റീജിയൺ, കളക്ടറേറ്റ്, കൊല്ലം
കോഴിക്കോട് റീജിയൺ സിവിൽ സ്റ്റേഷൻ, കോഴിക്കോട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ വകുപ്പ് / ധനകാര്യ വകുപ്പ്
തദ്ദേശവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം,

(ഒപ്പ്)

സെക്ഷൻ ഓഫീസർ